"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അൻവർ ജഹാംഗീർ, ജൂനിയർ കൺസൾട്ടന്റ് (റെസ്പിറേറ്ററി മെഡിസിൻ) ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.1010/2025-ന്മേലുള്ള 29.07.2025-ലെ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2888/2025/H&FWD തീയതി,തിരുവനന്തപുരം, 20-09-2025

---

പരാമർശം:-

1. ഡോ.അൻവർ ജഹാംഗീർ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് മുമ്പാകെ സമർപ്പിച്ച 14.06.2025 തീയതിയായ അപേക്ഷ (Annexure A8).
2. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No.1010/2025-ന്മേലുള്ള 29.07.2025-ലെ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഇബി.1-21039/2025/ആവഡ നമ്പർ നടപടിക്രമം.

**ഉത്തരവ്**

2025-ലെ പൊതുസ്ഥലംമാറ്റത്തിൽ ഹോം സ്റ്റേഷനായ കോഴിക്കോട് ജില്ലയിൽ സ്ഥലംമാറ്റം നൽകാത്തതിനെതിരെ റെസ്പിറേറ്ററി മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അൻവർ ജഹാംഗീർ ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA (EKM) No. 1010/2025 ഫയൽ ചെയ്യുകയും, പരാമർശം (2) ഉത്തരവിൽ അപേക്ഷകൻ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് മുമ്പാകെ സമർപ്പിച്ച പരാമർശം (1) അപേക്ഷ പരിശോധിച്ച് അപേക്ഷകനെയും 5 മുതൽ 7 വരെയുള്ള എതിർകക്ഷികളെയും നേരിൽ കേട്ടതിനു ശേഷം OA (EKM) No.1010/2025 നമ്പർ ഹർജിയിന്മേൽ അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു:ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം അപേക്ഷകനായ ഡോ.അൻവർ ജഹാംഗീറിനെയും, 5 മുതൽ 7 വരെയുള്ള എതിർകക്ഷികളായ ഡോ.വിപിൻ വർക്കി, ഡോ.സന്ദീപ്.ബി.ആർ., ഡോ.ജലജാമണി എന്നിവരെയും സർക്കാരിൽ നേരിൽ കേൾക്കുന്നതിനു വേണ്ടി ചുവടെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥയെ നിയോഗിച്ച് ഉത്തരവാകുകയും, 11.09.2025-ന് ടി മെഡിക്കൽ ഓഫീസർമാരെ നേരിൽ കേൾക്കുന്നതിനായി ടി മെഡിക്കൽ ഓഫീസർമാർക്ക് നോട്ടീസ്

നൽകുകയും ചെയ്തിരുന്നു.

2) പരാമർശം (3) നടപടിക്രമ പ്രകാരം ഡോ.അൻവർ ജഹാംഗീറിന് 5-ാം എതിർകക്ഷിയായ ഡോ.വിപിൻ വർക്കിക്ക് കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭ്യമായതുമൂലം കോഴിക്കോട് ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (റെസ്പിറേറ്ററി മെഡിസിൻ) തസ്തികയിൽ നിലവിൽ വന്ന ഒഴിവിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിനാൽ അപേക്ഷകൻ 11.09.2025-ന് നിശ്ചയിച്ചിരുന്ന ഹിയറിംഗിൽ പങ്കെടുത്തിരുന്നില്ല പകരം ടിയാന് ഉചിതമായ നിയമനം ലഭിച്ച വിവരം ഹിയറിംഗ് ഓഫീസറെ അറിയിക്കുന്നതിനായി അഭിഭാഷകയെ നിയോഗിച്ചിരുന്നു.

3) എതിർകക്ഷികളായ ഡോ.സന്ദീപ്, ഡോ.ജലജമണി.സി.എ. എന്നിവർ, ടിയാളുകൾക്ക് നിലവിലെ അവസ്ഥയിൽ പരാതിയില്ലെന്നും, നിലവിലെ സ്റ്റേഷനിൽ തുടരുവാൻ അനുവദിക്കണമെന്നും ഹിയറിഗ് ഓഫീസർക്ക് അപേക്ഷ നൽകി. 5-ാം എതിർകക്ഷിയായ ഡോ.വിപിൻ വർക്കിക്ക് കൺസൾട്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് പാലക്കാട് ജില്ലാ ടി.ബി. സെന്ററിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു.

3) മേൽ സാഹചര്യത്തിൽ, പരാമർശം (3) ഉത്തരവ് പ്രകാരം അപേക്ഷകനായ ഡോ.അൻവർ ജഹാംഗീറിന് പരാമർശം (1) അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന പ്രകാരം നിയമനം ലഭിച്ചുകഴിഞ്ഞതിനാൽ OA (EKM) No,1010/2025-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.
ഡോ അൻവർ ജഹാംഗീർ, സർഗ്ഗം ഹൗസ്, വികാസ് നഗർ, മെഡിക്കൽ കോളേജ് പി ഒ, കോഴിക്കോട് -673008
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
Date: 20-09-2025 12:41:05
സെക്ഷൻ ഓഫീസർ

**മേലെഴുത്തു നം. ഇ.ബി1- 17563/2025/ആ.വ.ഡ തീയതി** 22-09-2025

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 22-09-2025 21:40:39

ആരോഗ്യ വകുപ്പ് ഡയറക്ടർ